● ഡോ. അബ്ദുസ്സലാം വാണിയമ്പലം



**ജീവിതത്തിന്റെ പരുഷമായ മേച്ചിൽപുറങ്ങളിലൂടെ നടന്നുനീങ്ങുന്ന, അന്വേഷണ ങ്ങളുടെ ആത്മസംഘർഷങ്ങളെ ഒരനുഭൂതിയായി കൊണ്ടുനടന്ന, ആദർശങ്ങളുടെ കനൽപഥങ്ങളിൽ മാറിമാറിച്ചവിട്ടി പൊള്ളലേറ്റ ശേഷം മാത്രം സദ്പാന്ഥാവിലെ ത്തിച്ചേരാൻ തീരുമാനിച്ച ഫിലോസഫറെയാണ് റാശിദുൽ ഗനൂശിയിൽ കാണുന്നത്**

# റാശിദുൽ ഗനൂശി
# ദാർശനികനായ പോരാളി

**എല്ലാ** ദാർശനികരും പോരാളികളല്ല; എല്ലാ പോരാളികളും ദാർശ നികരുമല്ല. ഒരാൾ ഒരേസമയം ദാർശനികനും പോരാളിയുമാവു ക അപൂർവം. ശൈഖ് റാശിദുൽ ഗനൂശി അവരിലൊരാളാണ്.

പുതിയ ലോകത്തെ ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ ദാർശനികനും സ്വേഛാധിപത്യങ്ങൾക്കെതിരെയുള്ള മനുഷ്യാ വകാശപ്പോരാട്ടങ്ങളുടെ മുന്നണിപ്പോരാളിയുമായി ഇടമുറപ്പിച്ചു കഴിഞ്ഞ ഗനൂശിയുടെ സഞ്ചാര പഥങ്ങളിലൂടെ കണ്ണോടിക്കു മ്പോൾ ഒരു നോവൽ വായിക്കുന്ന പ്രതീതി. പഠനത്തിന്റെയും പണ്ഡിത്യത്തിന്റെയും പാരമ്പര്യവഴികളിലൂടെ സഞ്ചരിച്ച് നായ കസ്ഥാനത്തെത്തുന്ന നേതാവിനെയല്ല, ജീവിതത്തിന്റെ പരുഷ മായ മേച്ചിൽപുറങ്ങളിലൂടെ നടന്നുനീങ്ങുന്ന, അന്വേഷണ ങ്ങളുടെ ആത്മസംഘർഷങ്ങളെ ഒരനുഭൂതിയായി കൊണ്ടുനട ന്ന, ആദർശങ്ങളുടെ കനൽപഥങ്ങളിൽ മാറിമാറിച്ചവിട്ടി പൊള്ള ലേറ്റശേഷം മാത്രം സദ്പാന്ഥാവിലെത്തിച്ചേരാൻ തീരുമാനിച്ച ഫിലോസഫറെയാണ് റാശിദുൽ ഗനൂശിയിൽ കാണുന്നത്.

1941ൽ തെക്കൻ ടുനീഷ്യയിലെ 'അൽ ഹാമ' ഗ്രാമത്തിൽ ഒരു സാധാരണ കർഷക കുടുംബത്തിൽ ജനനം. നേരം വെളുത്ത് അന്തിയാകും വരെ പാടത്ത് പണിയെടുത്ത് ജീവിതസന്ധാരണം നടത്തുന്ന ഉപ്പയും മക്കളും. ഉൽപന്നങ്ങൾ മാർക്കറ്റിൽ കൊണ്ടുപോയി വിറ്റ് കിട്ടുന്ന കാശിന് വീട്ടുസാധന ങ്ങൾ വാങ്ങിവരുന്ന പണിയായിരുന്നു ഗനൂശി എന്ന ബാലന്റേ ത്.

പിതാവ് മതനിഷ്ഠയുള്ള കർഷകനായിരുന്നു. കാർഷിക വൃത്തിക്കിടയിലും ഖുർആൻ കാണാതെ പഠിക്കാനും ഇമാമും മുഫ്തിയുമായി സേവനമനുഷ്ഠിക്കാനും സമയം കണ്ടെത്തി. കൂടെ, മക്കളെ ഖുർആൻ മനഃപാഠമാക്കിക്കുവാനും ശ്രമിച്ചു. ഗനൂശിയും ഖുർആൻ മനഃപാഠമാക്കിയിട്ടുണ്ട്.

പിതാവിന് 70 വയസ്സായപ്പോൾ കൃഷിപ്പണിക്ക് വയ്യാതാ യി. 12 വയസ്സായ മകൻ ഗനൂശി പഠനം നിർത്തി പാടത്തേക്കിറ ങ്ങി. എന്നാൽ മൂത്ത ജ്യേഷ്ഠന് ജോലികിട്ടിയതിനാൽ ഒരു വർഷത്തിനുശേഷം പഠനം പുനരാരംഭിച്ചു.

ചെറുപ്പത്തിലേ ഫിലോസഫിയിലായിരുന്നു ഗനൂശിക്ക്

ആവേശം. പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം ജാമിഅത്തു സ്സൈതൂനയിൽ ചേർന്നപ്പോൾ തെരഞ്ഞെടുത്തതും ഫിലോസഫിയായിരുന്നു. എന്തിനെക്കുറിച്ചും തർക്കിക്കുന്ന പ്രകൃതം. കൂട്ടത്തിൽ അല്ലാഹു, പരലോകം, വിധിവിശ്വാസം തുടങ്ങിയ കാര്യങ്ങളെക്കുറിച്ചും അധ്യാപകരോട് തർക്കിക്കും. ഭൂതകാലത്ത് ജീവിക്കുന്ന മതാധ്യാപകരോട് പരിഹാസമായിരുന്നു അന്നു തോന്നിയത്. സൈതൂനയിൽ നിന്നുപുറത്തിറങ്ങുമ്പോൾ, പിതാവ് പണ്ടു പഠിപ്പിച്ച മതാധ്യാപനങ്ങളല്ലാതെ ഇസ്‌ലാം തന്റെ ഒരു ആവേശമായിരുന്നില്ലെന്ന് ഗനൂശി ഓർക്കുന്നു. സംശയങ്ങളും ചോദ്യങ്ങളുമായിരുന്നു മനസ്സുനിറയെ. പഴയതിനോടൊക്കെയും പുഛമായിരുന്നു. സൈതൂനയിലെ അധ്യാപകർക്ക് തന്റെ സംശയങ്ങൾ നിവാരണം ചെയ്യാനാവുമായിരുന്നില്ല. 'കാലത്തിനൊപ്പം നടക്കുന്ന ഒരിസ്‌ലാമിനെ അവർക്ക് അവതരിപ്പിച്ചു തരാനാകുമായിരുന്നില്ല. ഫിഖ്ഹിന്റെ ക്ലാസ് കേൾക്കുമ്പോൾ ഒരു ചരിത്ര മ്യൂസിയത്തിൽ ചെന്ന പ്രതീതി. ആ പണ്ഡിതന്മാരിൽ ഒരാൾ പോലും അന്ന് ഇസ്‌ലാമിക സാമ്പത്തിക ശാസ്ത്രത്തെപ്പറ്റിയോ ഇസ്‌ലാമിക കലയെപ്പറ്റിയോ ഇസ്‌ലാമിക രാഷ്ട്രത്തെസംബന്ധിച്ചോ സംസാരിച്ചിരുന്നില്ല. കാലത്തിന്റെ പ്രശ്നങ്ങളിൽ ഇസ്‌ലാമിന്റെ നിലപാട് എന്ത് എന്നത് അവരുടെ വിഷയമായിരുന്നില്ല. എന്നാൽ ഉണങ്ങിയ മത വിഷയങ്ങൾക്ക് മറുവശത്ത്, ഗണിതവും രസതന്ത്രവും ഊർജ്ജ ശാസ്ത്രവും ഭൂമിശാസ്ത്രവും പഠിപ്പിച്ചിരുന്നത്, ആധുനിക രീതിയിൽ. അങ്ങനെ ഒരേ ദിവസം രണ്ടു വ്യത്യസ്തലോകങ്ങളിൽ ജീവിച്ചു. സൈതൂനയിൽ മൂവായിരം വിദ്യാർഥികളിൽ മൂന്നോ നാലോ പേർ മാത്രമായിരുന്നു നമസ്കരിച്ചിരുന്നതെന്ന് ഗനൂശി ഓർക്കുന്നു.

സൈതൂനയിൽ സെക്കന്ററി വിദ്യാഭ്യാസം പൂർത്തിയായപ്പോൾ മുന്നിലുള്ള വഴി മതവിദ്യാഭ്യാസം മാത്രം. അതു വേണ്ടെന്നു വച്ചു. ഒരു വർഷം ജർമൻ ഭാഷ പഠിക്കാനായി നീക്കിവെച്ചു. ഉപരിപഠനത്തിന് ഈജിപ്തിൽ പോകണമെന്ന് തീരുമാനിച്ചു. യാത്രാചെലവിന് കാശുണ്ടാക്കാൻ മാത്രം കുറച്ചുകാലം അധ്യാപകനായി ജോലി ചെയ്തു.

ടുനീഷ്യൻ പ്രസിഡന്റ് ബുർഗീബയും ഈജിപ്ഷ്യൻ പ്രസിഡന്റ് ജമാൽ അബ്ദുന്നാസിറും തമ്മിലുള്ള പോരിന്റെ ഭാഗമായി ഈജിപ്തിൽ ടുനീഷ്യൻ വിദ്യാർഥികൾക്ക് പ്രവേശനമുണ്ടായിരുന്നില്ല. ഗനൂശിയും കൂടെയുള്ള ടുനീഷ്യൻ വിദ്യാർഥികളും നാസിറിന്റെ വസതിക്കു മുമ്പിൽ പ്രകടനം നടത്തിയാണ് പ്രവേശനം വാങ്ങിയെടുത്തത്. കയ്റോ യൂനിവേഴ്സിറ്റിയിൽ കാർഷിക കോളേജാണ് ഗനൂശി തെരഞ്ഞെടുത്തത്. കുടുംബത്തിന്റെ പരമ്പരാഗത കൃഷിരീതികൾ കണ്ടപ്പോൾ തോന്നിയിരുന്നതാണ് ആധുനിക കൃഷി സമ്പ്രദായങ്ങൾ പഠിക്കാനുള്ള ആഗ്രഹം.

1964-ൽ തുടങ്ങിയ കയ്റോ വിദ്യാഭ്യാസം 3 മാസമേ നീണ്ടുനിന്നുള്ളൂ. നാസിറും ബുർഗീബയും രഞ്ജിപ്പിലെത്തിയപ്പോൾ ബുർഗീബ ടുനീഷ്യൻ വിദ്യാർഥികളെ തിരിച്ചയക്കാൻ ആവശ്യപ്പെട്ടു. ടുനീഷ്യക്കാർ വിദേശത്ത് പഠിക്കുന്നത് ഭീഷണിയാണെന്ന് ആ സ്വേഛാധിപതി ദീർഘദർശനം ചെയ്തിരുന്നു.

**ബഹു കക്ഷി സമ്പ്രദായത്തെ നിരാകരിച്ചിരുന്ന ഇഖ്‌വാന്റെ മുർശിദായിരുന്ന ശൈഖ് ഉമർ തൽമസാനിയുമായി 1979-80 കാലഘട്ടങ്ങളിൽ നേരിൽ കണ്ട് അദ്ദേഹത്തെക്കാൾ വളരെ ജൂനിയറായിരുന്ന താൻ കലഹിച്ചിരുന്നതായി ഗനൂശി എഴുതിയിട്ടുണ്ട്. അന്നത് നിരാകരിച്ച ഇഖ്‌വാൻ 82-83 ആയപ്പോഴേക്ക് മറ്റു പാർട്ടികളെ ഉൾകൊള്ളാനും വഫ്ദ് പാർട്ടിയുമായി സഖ്യത്തിലാവാനും തയാറാവുന്നതാണ് കണ്ടത്.**

### സിറിയയിൽ

ടുനീഷ്യക്കു പകരം ജർമനിയിലേക്ക് പോകാനാണ് ഗനൂശി തീരുമാനിച്ചത്. പക്ഷേ, ടിക്കറ്റ് ബുക്ക് ചെയ്യാൻ ചെന്നപ്പോൾ കണ്ട നാട്ടുകാരൻ നിരുത്സാഹപ്പെടുത്തി. സിറിയയിലേക്ക് പോകാനായിരുന്നു അദ്ദേഹത്തിന്റെ ഉപദേശം.

സിറിയയിലേക്ക് മാറ്റിച്ചവിട്ടിയ ഗനൂശി സ്പെഷലൈസേഷനിലും കളം മാറി. കൃഷി ശാസ്ത്രത്തിൽ നിന്ന് തത്വശാസ്ത്രത്തിലേക്ക്. ദമസ്കസ് യൂനിവേഴ്സിറ്റിയിൽ പഠനം ആരംഭിച്ചു.

ഈജിപ്തിൽ നിന്ന് അറബ് ദേശീയതയിൽ ആകൃഷ്ടനായിരുന്ന ഗനൂശി മുസ്‌ലിം സമൂഹത്തിന്റെ പ്രതാപം വീണ്ടെടുക്കാൻ നാസിർ മോഡൽ അറബ് ദേശീയതക്കാവുമെന്ന് ഉറച്ച് വിശ്വസിച്ചിരുന്നു.

എന്നാൽ, ദമസ്കസ് യൂനിവേഴ്സിറ്റിയിൽ ഒരു ഇസ്‌ലാമിക പരിസമുണ്ടായിരുന്നു. ഡോ. സഈദ് റമദാൻ ബൂത്വി, ഡോ. വഹബുസ്സുഹൈലി പോലുള്ള പ്രശസ്ത പണ്ഡിതന്മാർ അന്നവിടെ അധ്യാപകരായിരുന്നു. ചൂടേറിയ വാഗ്വാദങ്ങളും വാദപ്രതിവാദങ്ങളും നടക്കുന്ന കാമ്പസ്. ഫലസ്ത്വീൻ പ്രശ്നമായിരുന്നു കത്തിനിന്ന പ്രധാന ഇഷ്യൂ. അറബ് ദേശീയതയല്ല, ഇസ്‌ലാമാണ് ഫലസ്ത്വീൻ പ്രശ്നത്തിന്റെ പരിഹാരമെന്ന് പറയുന്ന ഇസ്‌ലാമിസ്റ്റുകളെ ഗനൂശി കണ്ടു. അറബ് ദേശീയത പടിഞ്ഞാറിനെ തങ്ങളിലേക്ക് എടുത്തുവെക്കുവാൻ തുനിയുമ്പോൾ പടിഞ്ഞാറൻ നാഗരികതയെ തൊലിയുരിക്കുകയാണ് ഇസ്‌ലാമിസ്റ്റുകൾ എന്നദ്ദേഹം മനസ്സിലാക്കി.

അതിനിടയിൽ 67ലെ അറബ് - ഇസ്രാഈൽ യുദ്ധം. ഗനൂശി വിദ്യാർഥികളെ സംഘടിപ്പിച്ച് ഇസ്രയേലിനെതിരെ ദമസ്കസിൽ പ്രതിഷേധപ്രകടനങ്ങൾ നടത്തി. ജൂലാനും ഖുദ്സും സീനായും ഒന്നൊന്നായി ഇസ്രയേൽ സൈന്യത്തിന്റെ മുമ്പിൽ അടിയറവ് പറയുന്നത് ആ ചെറുപ്പക്കാരൻ വേദനയോടെ നോക്കിനിന്നു.

സിറിയയിലെ പഠനത്തിനിടയിൽ പശ്ചാത്യലോകം നേരിൽ കണ്ട് മനസ്സിലാക്കണമെന്നു ഗനൂശിക്ക് തോന്നിയിരുന്നു. അങ്ങനെ 1965ൽ തുർക്കി, ബൾഗേറിയ, യുഗോസ്ലാവ്യ, ജർമനി, ഫ്രാൻസ്, ബൽജിയം, ഓസ്ട്രിയ, ഹോളണ്ട് എന്നീ രാജ്യങ്ങളിലേക്കു യാത്രയായി. ഓരോ സ്ഥലത്തും ടിക്കറ്റിനും യാത്രാചെലവിനുമായി ജോലിചെയ്തു. ജർമനിയിൽ സെയിൽസ്മാനായി, ഫ്രാൻസിൽ മുന്തിരിപറിക്കാരനായി, ബെൽജിയത്തിൽ ഹോട്ടലിൽ ക്ലീനിംഗ് ജോലിക്കാരനായി, ഹോളണ്ടിൽ ആശാരിയായി.......

പടിഞ്ഞാറൻ രാജ്യങ്ങളിൽ നടത്തിയ യാത്ര പാശ്ചാത്യ സംസ്കാരത്തിന്റെ പൊള്ളത്തരങ്ങൾ ബോധ്യപ്പെടുത്തി. അറബ് ദേശീയതയുടെ പ്രതിരോധ ശേഷിയിലും ഗനൂശിക്ക് സംശയം ജനിച്ചു. തത്വശാസ്ത്ര പഠനവും ദമസ്കസ് യൂനിവേഴ്സിറ്റി കാമ്പസിലെ ചർച്ചകളും പയ്യെപ്പയ്യെ ഒരു പുതിയ അന്വേഷണ

ത്തിന് പ്രേരിപ്പിച്ചുകൊണ്ടിരുന്നു. ശൈഖ് നാസ്വിറുദ്ദീൻ അൽബാനിയുടെ സലഫീ ഗ്രൂപ്പിലും ഇഖ്‌വാൻ സദസ്സുകളിലും കയറിയിറങ്ങി. ഇസ്‌ലാം മാത്രമാണ് പോംവഴി എന്ന ഉറച്ചവിശ്വാസത്തിലാണ് ആ അന്വേഷണം അവസാനിച്ചത്.

1966 ജൂൺ 15ന്റെ രാത്രി എന്റെ ജീവിതത്തിലെ വഴിത്തിരിവായിരുന്നു. അന്ന് രണ്ടു കാര്യങ്ങൾ എന്റെ ജീവിതത്തിൽനിന്ന് ഞാൻ അഴിച്ചുവച്ചു. മതേതര ദേശീയതയും പാരമ്പര്യ ഇസ്‌ലാമും. ഞാൻ വളർന്നുവന്ന ഇസ്‌ലാം യഥാർഥ ഇസ്‌ലാമായിരുന്നില്ല. മുസ്‌ലിം പിന്നാക്ക കാലഘട്ടത്തിന്റെ അവശിഷ്ടങ്ങളുമായി കെട്ടുപിണഞ്ഞ പാരമ്പര്യഇസ്‌ലാമായിരുന്നു അത്. പ്രപഞ്ചത്തെയും ജീവിതത്തെയും പറ്റി അതിനു ഒന്നും പറയാനുണ്ടായിരുന്നില്ല. അതൊരു സമഗ്രജീവിത ദർശനമായിരുന്നില്ല. അതുകൊണ്ട്, പുതുതായി ഇസ്‌ലാമിൽ പ്രവേശിക്കണമെന്ന് ഞാൻ തീരുമാനിച്ചു.'

തുടർന്ന് പലരും ക്ഷണിച്ചെങ്കിലും ഒരു സംഘടനയിലും ചേർന്നില്ല. മുഹമ്മദ് ഇഖ്ബാൽ, അബുൽ അഅ്‌ലാ മൗദൂദി, സയ്യിദ് ഖുത്വുബ്, മുഹമ്മദ് ഖുത്വുബ്, ഹസനുൽ ബന്നാ, മുസ്തഫസ്സിബാഇ, മാലിക്ബ്‌നിനബി, അബുൽഹസൻ നദ്‌വി എന്നിവരെ നിരന്തരമായി വായിച്ചു.

ഇഖ്‌വാൻ ക്ഷണിച്ചിരുന്നെങ്കിലും അതിൽ അംഗമായില്ല. നാസ്വിറുദ്ദീൻ അൽബാനിയുടെ ക്ലാസുകൾ ആകർഷകമായി തോന്നി. അതുവഴി ഇബ്‌നുതൈമിയ്യയെയും ഇബ്‌നുൽ ഖയ്യിമിനെയും കൂടുതൽ പഠിച്ചു. എന്നാൽ പിന്നീട് സലഫിസത്തിന്റെ കാർക്കശ്യത്തെയും ഉപരിപ്ലവതയെയും ഉൾകൊള്ളാനാവാതെ വന്നു.

1968ൽ സിറിയയിൽ പഠനം പൂർത്തിയാക്കി, ഫിലോസഫിയിൽ ഉപരിപഠനം നടത്താൻ ഫ്രാൻസിലെ സർബോൺ യൂനിവേഴ്‌സിറ്റിയാണ് തെരഞ്ഞെടുത്തത്. പഠന ചെലവുകൾ തരപ്പെടുത്തിയത് ക്ലീനിംഗ് ജോലികൾ നടത്തിയും പരസ്യകമ്പനികൾക്ക് വേണ്ടി നോട്ടീസ് വിതരണം ചെയ്തും. ഹോസ്റ്റൽ സൗകര്യം ലഭ്യമല്ലാതിരുന്നതിനാൽ അതിശൈത്യത്തിൽ വരാന്തകളിലും ചിലപ്പോൾ സഹപാഠികളുടെ മുറികളിലും കിടന്നുറങ്ങി.

അതിനിടയിൽ തബ്‌ലീഗ് ജമാഅത്തിൽ ആകൃഷ്ടനായി. അവരുടെ പ്രവർത്തനങ്ങളിൽ സഹകരിച്ചു. അവർ നേതാവാക്കിയതിനാൽ പ്രസംഗം ശീലിച്ചു. അങ്ങനെ തത്വശാസ്ത്ര അധ്യാപകൻ ഇസ്‌ലാമിക പ്രബോധകനായി.

### ജന്മനാട്ടിലേക്ക്

ശൈഖ് ഗനൂശി ഫ്രാൻസ് വിട്ടത് യാദൃഛികമായിരുന്നു. അക്കഥ അദ്ദേഹം വിവരിക്കുന്നതിങ്ങനെ: 'തബ്‌ലീഗ് ജമാഅത്തുമായി ബന്ധപ്പെട്ട് ഫ്രാൻസിൽ കറങ്ങിക്കൊണ്ടിരിക്കുകയാണ് താനെന്ന വിവരം നാട്ടിലെത്തി. മോഡേണായി നാടുവിട്ട മകൻ കൂടുതൽ മോഡേണായി തിരിച്ചുവരുമെന്ന് പ്രതീക്ഷിച്ചിരുന്ന കുടുംബത്തെ അക്ഷരാർഥത്തിൽ ഞെട്ടിച്ച വാർത്തയായിരുന്നു അത്. ഒരു മതപ്രബോധകനാവുക എന്നത് അങ്ങേയറ്റം പരിഹാസ്യമായിരുന്നു ടുനീഷ്യയിൽ. അത്തരമൊരാൾക്ക് എന്തോ മാനസിക പ്രശ്നമുണ്ടെന്ന് ധരിക്കുന്നവരാണധികവും.' ഗനൂശിയെ 'രക്ഷിച്ചെടുക്കാൻ', മാതാവിന് സുഖമില്ലെന്ന ദുരന്ത വാർത്തയുമായി മൂത്തജ്യേഷ്ഠൻ ഫ്രാൻസിലെത്തി. അപ്പോഴേക്കും ഗനൂശി നാടുവിട്ടിട്ട് അഞ്ചുവർഷമായിരുന്നു.

**ഇസ്‌ലാമിനെ സമഗ്രജീവിത ദർശനമായി അവതരിപ്പിക്കുന്നതിൽ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ വിജയിച്ചിട്ടുണ്ടെന്നും എന്നാൽ കാലികപ്രശ്നങ്ങൾക്കുള്ള ഇസ്‌ലാമിക പരിഹാരങ്ങളെ സംഭവലോകത്ത് പ്രയോഗവൽക്കരിക്കുന്നതിൽ ഇനിയും അവക്ക് ഏറെ മുന്നോട്ടു പോകാനുണ്ടെന്നും ഗനൂശി നിരീക്ഷിക്കുന്നു. സമൂഹത്തിന്റെ രാഷ്ട്രീയ-സാമ്പത്തിക- സാമൂഹിക സമസ്യകൾക്ക് മൂർത്തമായ പരിഹാരങ്ങൾ നിർദേശിക്കാൻ പ്രസ്ഥാനങ്ങൾക്കാവണമെന്നാണ് അദ്ദേഹം ഊന്നിപ്പറയുന്നത്**

നാട്ടിലേക്കുള്ള വഴിമധ്യേ കൊർദോവയിലിറങ്ങി അവിടുത്തെ അൽമസ്ജിദുൽ കബീറിൽ സന്ദർശനം നടത്തി. വളരെ വൈകാരികമായിരുന്നു ആ സന്ദർശനം. ഇസ്‌ലാമിക നാഗരികതയുടെ പഴയ ശോഭന നാളുകളിലേക്ക് ഗനൂശിയുടെ മനസ്സ് ഊളിയിട്ടു. പള്ളിയിലിരുന്ന് അദ്ദേഹം കുറേ കരഞ്ഞു. അത്രയൊന്നും മതനിഷ്ഠയില്ലാതിരുന്ന ജ്യേഷ്ഠനും അതുകണ്ടു കരഞ്ഞു. ഇടക്ക് മാത്രം നമസ്കരിക്കാറുണ്ടായിരുന്ന ജ്യേഷ്ഠൻ അന്നുതൊട്ട് മരണം വരെ നമസ്കാരത്തിൽ നിഷ്ഠപുലർത്തിയെന്ന് ഗനൂശി ഓർക്കുന്നു. പള്ളിയിൽ നമസ്കരിക്കവെ ക്രിസ്ത്യൻ പാതിരി വന്ന് തടഞ്ഞതും അദ്ദേഹത്തോട് ദേഷ്യപ്പെട്ടതും ശൈഖ് അനുസ്മരിക്കുന്നു.

വഴിമധ്യേ അൾജീരിയയിലുമിറങ്ങി. പ്രശസ്ത ചിന്തകൻ മാലികുബ്നിനബിയെ കണ്ടു. ഒരു ചിരകാലമോഹം പൂവണിഞ്ഞു. ആ സന്ദർശനം ഗനൂശിയിൽ വലിയ സ്വാധീനം ചെലുത്തി.

ടുനീഷ്യയിൽ തിരിച്ചെത്തിയ ഗനൂശി തത്വശാസ്ത്ര അധ്യാപകനായി ജോലിയിൽ പ്രവേശിച്ചു. മൂന്നു വർഷത്തോളം തബ്‌ലീഗ് ജമാഅത്തുമായി ബന്ധം തുടർന്നെങ്കിലും 'ആത്മീയ ഇസ്‌ലാം' മാത്രം പോരാ, 'സാമൂഹിക ഇസ്‌ലാമും' അനിവാര്യമാണെന്ന കാഴ്ചപ്പാടിലേക്ക് അദ്ദേഹം മാറിത്തുടങ്ങി. ഹെഗലിന്റെയും മാർക്സിന്റെയും പോൾ സാർത്രിന്റെയും നീരീക്ഷണങ്ങളെ നിശിതമായി നിരൂപണം നടത്തുന്ന അധ്യാപകനായാണ് അദ്ദേഹം തിരിച്ചെത്തിയത്. ടുനീഷ്യൻ സാമൂഹ്യ ജീവിതത്തെ സ്വാധീനിച്ചു നിൽക്കുന്ന സോഷ്യലിസ്റ്റ് കാഴ്ചപ്പാടുകളെയും പാശ്ചാത്യ വിധേയത്വത്തെയും ചോദ്യം ചെയ്തുതുടങ്ങി. ആധുനികതയുമായി ബന്ധമില്ലാത്ത മതാത്മകതയെയും മതവുമായി ബന്ധമില്ലാത്ത ആധുനികതയെയും വിമർശിച്ചു. അവ രണ്ടിന്റെയും സമന്വയത്തിനു വേണ്ടി വാദിച്ചു. 1969മുതൽ 1979 വരെ ഈ ലൈനിലുള്ള പ്രവർത്തനമാണ് ഗനൂശിയും കൂട്ടരും നടത്തിയത്. ശക്തമായ സ്വയം നിരൂപണ ശേഷിയുള്ള കൂട്ടായ്മയായിരുന്നു ഗനൂശിയുടേത്. ആ നിരൂപണ ത്വരയിൽ നിന്ന് 'ഇടതുപക്ഷ ഇസ്‌ലാം' എന്ന മുദ്രാവാക്യവുമായി ചിലർ രംഗത്തുവരികയും പിന്നീട് പിരിഞ്ഞുപോകുകയും ചെയ്തു. ദീനീ പ്രമാണങ്ങളുടെ ചട്ടക്കൂടിനകത്തു നിന്നുകൊണ്ടു വേണം നിരൂപണങ്ങളെന്നതിൽ ഗനൂശി ഉറച്ചുനിന്നു.

1981ൽ ഗനൂശിയുടെ കൂട്ടായ്മ ഹറകത്തുൽ ഇത്തിജാഹിൽ ഇസ്‌ലാമി എന്ന പേരിൽ രംഗത്തുവന്നു. ബന്നയും മൗദൂദിയും മാലിക്ബ്നിനബിയുമൊക്കെയായിരുന്നു ആ പ്രസ്ഥാനത്തിന്റെ ദാർശനികാടിത്തറ. എന്നാൽ സ്വയം നിരൂപണങ്ങൾ എപ്പോഴും പ്രസ്ഥാനത്തിൽ പുതിയ

**വരും കാലത്തിന്റെ വിപ്ലവം സ്ത്രീശാക്തീകരണത്തിലൂടെ മാത്രമേ പൂർണ്ണമാകൂ എന്നുറച്ചു വിശ്വസിക്കുന്ന ഗനൂശി അക്കാര്യം എന്നും ഇസ്‌ലാമിക പ്രസ്ഥാനങ്ങളെ ഉണർത്തിപ്പോന്നിട്ടുണ്ട്. 'സമൂഹത്തിന്റെ പകുതിയാണ് സ്ത്രീ, അവശേഷിക്കുന്ന പകുതിയാകട്ടെ അവളുടെ മടിത്തട്ടിൽ വളരുന്നവരാണ്' എന്ന് അദ്ദേഹം ഓർമിപ്പിക്കുന്നു.**

കാഴ്ചപ്പാടുകളെ രൂപപ്പെടുത്തിക്കൊണ്ടിരുന്നു.

ബുർഗീബയുടെ സ്വേഛാധിപത്യത്തിനെതിരെ സ്വാതന്ത്ര്യം, നീതി, മനുഷ്യാവകാശങ്ങൾ തുടങ്ങിയ മൂല്യങ്ങൾ പ്രസ്ഥാനം ഉയർത്തിപ്പിടിച്ചു. ഇടതുപക്ഷത്തെ ആക്രമിക്കുക മാത്രമല്ല, ഇടതുപക്ഷത്തിന്റെ അഭിസംബോധിതരെ ഇസ്‌ലാമിന്റെ അഭിസംബോധിതരാക്കി മാറ്റുന്ന തന്ത്രവും പരീക്ഷിച്ചു. ഇസ്‌ലാമിന്റെ തൊഴിലാളിപക്ഷ വായനയെ ത്വരിപ്പിച്ചു. മെയ് 1 തൊഴിലാളിദിനം പള്ളികളിൽ ആഘോഷിച്ചു.

ബഹുസ്വരതയെ സംഘടന പൂർണമായും ഉൾകൊണ്ടു. തെരഞ്ഞെടുപ്പിനെയും ജനാധിപത്യത്തെയും പ്രകീർത്തിച്ചു. ബഹു കക്ഷി സമ്പ്രദായത്തെ നിരാകരിച്ചിരുന്ന ഇഖ്‌വാന്റെ മുർശിദായിരുന്ന ശൈഖ് ഉമർ തൽമസാനിയുമായി 1979–80 കാലഘട്ടങ്ങളിൽ നേരിൽ കണ്ട് അദ്ദേഹത്തെക്കാൾ വളരെ ജൂനിയറായിരുന്ന താൻ കലഹിച്ചിരുന്നതായി ഗനൂശി എഴുതിയിട്ടുണ്ട്. അന്നത് നിരാകരിച്ച ഇഖ്‌വാൻ 82–83 ആയപ്പോഴേക്ക് മറ്റു പാർട്ടികളെ ഉൾകൊള്ളാനും വഫ്ദ് പാർട്ടിയുമായി സഖ്യത്തിലാവാനും തയാറാവുന്നതാണ് കണ്ടത്.

സ്ത്രീശാക്തീകരണത്തിന്റെ പ്രാധാന്യം ഇത്രത്തോളം ഉയർത്തിപ്പിടിച്ച ഇസ്‌ലാമിക പ്രസ്ഥാനം വേറെയില്ല. വരും കാലത്തിന്റെ വിപ്ലവം സ്ത്രീശാക്തീകരണത്തിലൂടെ മാത്രമേ പൂർണമാകൂ എന്നുറച്ചു വിശ്വസിക്കുന്ന ഗനൂശി അക്കാര്യം എന്നും ഇസ്‌ലാമിക പ്രസ്ഥാനങ്ങളെ ഉണർത്തിപ്പോന്നിട്ടുണ്ട്. 'സമൂഹത്തിന്റെ പകുതിയാണ് സ്ത്രീ, അവശേഷിക്കുന്ന പകുതിയാകട്ടെ അവളുടെ മടിത്തട്ടിൽ വളരുന്നവരാണ്' എന്ന് അദ്ദേഹം ഓർമിപ്പിക്കുന്നു.

### പരീക്ഷണങ്ങൾ

*ഹർകത്തുൽ ഇത്തിജാഹിൽ ഇസ്‌ലാമി* ഞൊടിയിടയിൽ ടുനീഷ്യയിൽ വേരോട്ടം നേടി. അതോടെ, സ്വേഛാധിപതിയായ പ്രസിഡന്റ് ബുർഗീബ അതിനെ വേട്ടയാടാനും തുടങ്ങി. 1981–ൽ 11 വർഷത്തെ തടവുശിക്ഷ വിധിച്ചു ഗനൂശിക്ക്. 1987–ൽ ഇപ്പോഴത്തെ പ്രസിഡണ്ട് സൈനുൽ ആബിദീനിബ്നു അലി അധികാരത്തിൽ വന്നപ്പോൾ വിട്ടയച്ചെങ്കിലും ആ വർഷം തന്നെ വീണ്ടും ജീവപര്യന്തം തടവിനു വിധിച്ചു. അൾജീരിയയിലേക്കും പിന്നെ സുഡാനിലേക്കും നാടുവിട്ട ഗനൂശിക്ക് അദ്ദേഹത്തിന്റെ അഭാവത്തിൽ 1991ലും 1998ലും വീണ്ടും ജീവപര്യന്തം തടവുശിക്ഷ വിധിച്ചു. തടവിലായിരിക്കെ ക്ഷമാപണം നടത്തിയാൽ വിട്ടയക്കാമെന്ന അധികാരികളുടെ വാഗ്ദാനത്തെ പുഛിച്ചുതള്ളുകയാണ് ഗനൂശി ചെയ്തത്. 'അല്ലാഹുവാണ, എന്നോട് അനീതി കാണിച്ചവരോട് ക്ഷമ യാചിക്കുന്നതിനേക്കാൾ ആയിരം തവണ എനിക്ക് പ്രിയങ്കരം ഈ ജയിലറയിൽ നിന്ന് മയ്യിത്ത് കട്ടിലിൽ കൊണ്ടുപോകുന്നതാണ്' എന്നായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം.

ബ്രിട്ടനിൽ രാഷ്ട്രീയാഭയം തേടിയ ഗനൂശി ഇപ്പോൾ ലണ്ടനിൽ പ്രവാസ ജീവിതം നയിച്ചുവരികയാണ്. ആംനസ്റ്റി ഇന്റർനാഷ്നൽ പോലുള്ള ലോക മനുഷ്യാവകാശ സംഘടനകൾ ഗനൂശിക്ക് വേണ്ടി പലപ്പോഴും ഇടപെട്ടെങ്കിലും ഇന്നേവരെ ടുനീഷ്യയിലെ സ്വേഛാധിപത്യ ഭരണകൂടം അദ്ദേഹത്തിനും പാർട്ടിക്കും പ്രവർത്തനാനുമതി നൽകിയിട്ടില്ല. 2007–ൽ ഹർകത്തുൽ ഇത്തിജാഹിൽ ഇസ്‌ലാമിയുടെ അധ്യക്ഷനായി വീണ്ടും തെരഞ്ഞെടുക്കപ്പെട്ടതോടെ 25 വർഷമായി സംഘടനയുടെ അമരത്തിരിക്കുന്ന വ്യക്തിയെന്ന പ്രത്യേകതയും ഗനൂശിക്കുണ്ട്.

### നിരീക്ഷണങ്ങൾ

ഇസ്‌ലാമിനെ സമഗ്രജീവിത ദർശനമായി അവതരിപ്പിക്കുന്നതിൽ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ വിജയിച്ചിട്ടുണ്ടെന്നും എന്നാൽ കാലികപ്രശ്നങ്ങൾക്കുള്ള ഇസ്‌ലാമിക പരിഹാരങ്ങളെ സംഭവലോകത്ത് പ്രയോഗവൽക്കരിക്കുന്നതിൽ ഇനിയും അവക്ക് ഏറെ മുന്നോട്ടുപോകാനുണ്ടെന്നും ഗനൂശി നിരീക്ഷിക്കുന്നു. സമൂഹത്തിന്റെ രാഷ്ട്രീയ–സാമ്പത്തിക– സാമൂഹിക സമസ്യകൾക്ക് മൂർത്തമായ പരിഹാരങ്ങൾ നിർദേശിക്കാൻ പ്രസ്ഥാനങ്ങൾക്കാവണമെന്നാണ് അദ്ദേഹം ഊന്നിപ്പറയുന്നത്.

ഇസ്‌ലാമിനെ കാലത്തിനൊപ്പം ചലിപ്പിക്കുന്ന പ്രക്രിയക്ക് വേഗം വർധിപ്പിക്കാനുള്ള ത്വരയിൽ എന്നും പ്രസ്ഥാനങ്ങളുടെ പാരമ്പര്യ രീതികളിൽ നിന്നും വേറിട്ട വഴികൾ അദ്ദേഹം അവതരിപ്പിച്ചുപോന്നിട്ടുണ്ട്. അതുകൊണ്ടുതന്നെ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ അവ നേരിടുന്ന സമസ്യകളിൽ റാശിദുൽ ഗനൂശിയുടെ അഭിപ്രായങ്ങൾക്ക് ചെവിയോർക്കാറുണ്ട്. ഗനൂശിയുടെ ചിന്തകൾ ഇന്ന് ചില പാശ്ചാത്യ യൂനിവേഴ്സിറ്റികളിൽ പോലും ഗവേഷണ വിഷയമായത് അവയുടെ മൗലികതയെയും വ്യതിരിക്തതയെയും കുറിക്കുന്നു.

*നാഗരികയിലേക്കുള്ള നമ്മുടെ വഴി, നാമും പടിഞ്ഞാറും, വിയോജിക്കാനുള്ള അവകാശവും ഐക്യത്തിന്റെ അനിവാര്യതയും, ഫലസ്തീൻ പ്രശ്നം വഴിത്തിരിവിൽ, സ്ത്രീ: ഖുർആനിനും മുസ്‌ലിം സാഹചര്യങ്ങൾക്കും മധ്യേ, സ്വാതന്ത്ര്യം ഇസ്‌ലാമിക രാഷ്ട്രത്തിൽ, വിധിവിശ്വാസം ഇബ്നുതൈമിയയുടെ വീക്ഷണത്തിൽ, ഇസ്‌ലാമിക പ്രസ്ഥാനവും പരിവർത്തനവും, ടുനീഷ്യൻ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ അനുഭവങ്ങൾ* എന്നിവ കൃതികളാണ്. ഇംഗ്ലീഷ് ഫ്രഞ്ച്, ടർക്കിഷ്, സ്പാനിഷ്, പേർഷ്യൻ ഭാഷകളിലേക്ക് ഈ പുസ്തകങ്ങളിൽ പലതും വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. ■